/25092/2022

ഭരണഭാഷ – മാതൃഭാഷ

നം.TRY/2242/2022-ME 1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 14-07-2022

**സർക്കുലർ നമ്പർ.12/2022**

വിഷയം: ട്രഷറി വകുപ്പ്-സ്ഥാപനകാര്യം-ധന നീക്കിയിരുപ്പ് (Excess Imprest) പരിധിയിൽ തന്നെ നിലനിർത്തലും, സ്റ്റേറ്റ്മെന്റ് തയ്യാറാക്കലും-നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന : 1. 12/02/2019-ലെ GO(MS) No.89/2019/Fin നമ്പർ സർക്കാർ ഉത്തരവ്.

2. ഈ ഓഫീസിൽ നിന്നുള്ള 06/06/2019-ലെ 26/2019 നമ്പർ സർക്കുലർ

സംസ്ഥാനത്തെ ട്രഷറികളുമായി ബന്ധപ്പെട്ട ഏജൻസി ബാങ്കുകളുടെ ചെസ്റ്റുകൾ ഒട്ടേറെ സ്ഥലങ്ങളിൽ നിർത്തലാക്കിയതിനാൽ ട്രഷറികളുടെ സുഗമമായ പ്രവർത്തനത്തിന് സൂക്ഷിക്കാവുന്ന കരുതൽ ധന നീക്കിയിരുപ്പ തുക ഉയർത്തി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം കരുതൽ ധന നീക്കിയിരുപ്പ് നിശ്ചയിച്ച നൽകിയിട്ടുള്ള പരിധിയിൽ തന്നെ നിലനിർത്താൻ എല്ലാ ട്രഷറി ഓഫീസർമാർക്കും സൂചന (2) പ്രകാരം കർശന നിദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ചില ട്രഷറികളിൽ പണം കൈകാര്യം ചെയ്യുന്ന ട്രഷറർമാരും പ്രസ്തുത ട്രഷറിയിലെ ഓഫീസർമാരും ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നതായി കാണുന്നില്ല. കൂടാതെ അധിക കരുതൽ ധന നീക്കിയിരുപ്പ് സ്റ്റേറ്റ്മെന്റുകൾ ജില്ലാ ട്രഷറികളിൽ നിന്നും വേണ്ടത്ര പരിശോധന കൂടാതെയാണ് സാധൂകരണത്തിനായി ഈ ഓഫീസിലേക്ക് സമർപ്പിക്കുന്നതെന്നും കാണുന്നു.

സംസ്ഥാനത്തു കോവിഡ് മഹാമാരി പടർന്നു പിടിച്ച നാളുകളിൽ ബാങ്കുകളിൽ നിന്നും പണം ലഭിക്കുന്നതിന് തടസ്സം ഉണ്ടായ സാഹചര്യത്തിൽ ആണ് ട്രഷറികളിൽ കരുതൽ ധനം കൂടുതലായി സൂക്ഷിക്കുന്നതിന് അനുമതി നൽകിയിരുന്നത്. എന്നാൽ നിലവിൽ ബാങ്കുകളിൽ നിന്നും പണം ലഭിക്കുന്നതിന് ബുദ്ധിമുട്ടില്ലാത്തതിനാൽ പരിധിയിലും അധികം പണം സൂക്ഷിക്കേണ്ടുന്ന സാഹചര്യം നിലനിൽക്കുന്നില്ല. എല്ലാ മാസത്തെയും അവസാനത്തെ പ്രവർത്തി ദിവസം ട്രഷറികളിൽ അവശേഷിക്കുന്ന പണം പൂർണ്ണമായും ബാങ്കിൽ തിരിച്ചടച്ച് കാഷ് ബാലൻസ് "NIL" ആക്കേണ്ടതാണ്. നോട്ട് നിരോധനവും ബാങ്കിൽ നിന്നും പണം ലഭ്യമല്ലാതിരുന്ന സാഹചര്യവും കണക്കിലെടുത്താണ് അവസാന ദിവസം ബാങ്കിൽ പണം തിരിച്ചടക്കുന്നത് തൽകാലത്തേക്ക് ഒഴിവാക്കിയിട്ടുള്ളത്. അക്കൗണ്ടന്റ് ജനറൽ ഈ വിഷയത്തിൽ പ്രതികൂല പരാമർശം തുടരെ നടത്തുന്നതിനാലും Reconciliation നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായിട്ടാണ് TRY/778/2020-ME-3 നമ്പർ കത്ത് മുഖേന 2021-22 സാമ്പത്തിക വർഷം മുതൽ സെപ്റ്റംബർ 30, മാർച്ച്31 എന്നീ തീയതികളിൽ ട്രഷറി ക്യാഷ്

ബാലൻസ് NIL ആക്കണം എന്ന് നിർദ്ദേശം നൽകിയിരുന്നത്. ബാക്കിയുള്ള മാസാവസാന ദിവസം കഴിയുന്നതും ഏറ്റവും കറവ് തുക, (തൊട്ടടുത്ത ദിവസം രാവിലെ ബാങ്കിൽ നിന്നും പണം ട്രഷറികളിൽ ലഭ്യമാവുന്ന സമയം വരെയുള്ള ഇടപാടുകൾ നടത്തുന്നതിന് ആവശ്യമായ തുക) മാത്രം ട്രഷറികളിൽ സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ പരിധിയിൽ കൂടുതൽ പണം സൂക്ഷിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ട്രഷറികളിലും കർശനമായി പാലിക്കേണ്ടതാണ്.

i. സെപ്റ്റംബർ 30, മാർച്ച്31 എന്നീ തീയതികളിൽ ട്രഷറികളിലുള്ള തുക പൂർണ്ണമായും തിരിച്ചടച്ച ക്യാഷ് ബാലൻസ് NIL ആക്കേണ്ടതാണ്. മറ്റ് മാസാവസാന ദിവസങ്ങളിൽ കഴിവതും കരുതൽ ധന നീക്കിയിരുപ്പ് തുക സീറോ ആക്കി നിലനിർത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

ii. മാസത്തിലെ ഏതെങ്കിലും ദിവസങ്ങളിൽ സബ് ട്രഷറികളിൽ അധികം പണം സൂക്ഷിക്കേണ്ടുന്ന സാഹചര്യം ഉണ്ടായാൽ ആയതു ജില്ലാ ട്രഷറി ഓഫീസറെയും ജില്ലാ ട്രഷറികളിൽ അത്തരം സാഹചര്യമുണ്ടായാൽ ഡെപ്യൂട്ടി ഡയറക്ടറെയും അറിയിക്കേണ്ടതും മേലധികാരിയുടെ സമ്മതത്തോടെ മാത്രം പരിധിയിൽ കൂടുതൽ പണം സൂക്ഷിക്കേണ്ടതുമാണ്.

iii. വ്യക്തമായ കാരണങ്ങളോടെ സബ് ട്രഷറികളിലെ അധിക കരുതൽ ധന നീക്കിയിരുപ്പ് സ്റ്റേറ്റ്മെന്റുകൾ ജില്ലാ ട്രഷറി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ട്രഷറി ഓഫീസർമാർ IAMS-ൽ അധിക കരുതൽ ധനം പരിശോധിച്ചുറപ്പുവരുത്തി മേലൊപ്പ ചേർത്ത് ജില്ലാ ട്രഷറിയുടെ സ്റ്റേറ്റ്മെന്റ് സഹിതം സാധൂകരണത്തിനായി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

iv. വൈകിയുള്ള അടവ് കാരണമാണ് അധികമായി പണം സൂക്ഷിക്കുന്നതെങ്കിൽ വൈകി വന്ന പണത്തിന്റെ Transaction No. & Time എന്നിവ കൃത്യമായും സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുകയും, **<u>അവധി ദിവസം (ഉദാ: ഞായറാഴ്ച) ഉൾപ്പെടെ അധിക കരുതൽ ധന നീക്കിയിരുപ്പ്</u>** നടത്തിയിട്ടുള്ള എല്ലാ ദിവസവും സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഓഫീസർമാർ ഉറപ്പ വരുത്തേണ്ടതാണ്.(ഉദാഹരണം:(ശനി,ഞായർ അവധി ദിനങ്ങൾ വരുന്ന സാഹചര്യം) വെള്ളിയാഴ്ച **₹11,10,120/-** രൂപ നീക്കിയിരുപ്പുള്ള ഒരു ട്രഷറിയുടെ ഇമ്പ്രെസ്റ്റ് പരിധി **10 ലക്ഷം** രൂപയാണെങ്കിൽ Excess Imprest Statement-ൽ വെള്ളി- **₹1,10,120/-** ശനി **₹1,10,120/-** ഞായർ **₹1,10,120/-** എന്നിങ്ങനെ കാണിച്ചിരിക്കണം. 3 ദിവസത്തേയും അധിക കരുതൽ ധനം സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. വൈകിയുള്ള അടവ് കാരണമാണ് അധിക ധനം സൂക്ഷിക്കുന്നതെങ്കിൽ ഇതിനായി ഒരു രജിസ്റ്റർ വയ്ക്കേണ്ടതും sequence നമ്പർ സഹിതം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

v. മാസത്തിലെ അവസാന ദിവസം പണം ബാങ്കിൽ തിരിച്ചടക്കേണ്ടതാണ് ഏതെങ്കിലും ട്രഷറികളിൽ പണം സൂക്ഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന **<u>മുഴുവൻ പണവും അധിക കരുതൽ ധന നീക്കിയിരുപ്പായി പരിഗണിക്കേണ്ടതും സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്</u>**. ***ഉദാഹരണം: മാസത്തിലെ അവസാന പ്രവർത്തി ദിവസം ₹5,20,134/- രൂപ നീക്കിയിരുപ്പുള്ള ഒരു ട്രഷറിയുടെ ഇമ്പ്രെസ്റ്റ് പരിധി 10 ലക്ഷം രൂപയാണെങ്കിൽ excess imprest statement-ൽ ₹5,20,134/- രൂപയും അധിക കരുതൽ***

*ധനമായി കാണിച്ചിരിക്കുകയും സാധൂകരണം നടത്തിയിരിക്കുകയും ചെയ്യേണ്ടതാണ്. സെപ്റ്റംബർ 30, മാർച്ച് 31* എന്നീ തീയതികളിൽ പൂർണ്ണമായും പണം ബാങ്കിൽ തിരിച്ചടച്ച് Zero Balance ഉറപ്പാക്കേണ്ടതാണ്.

vi. അധിക കരുതൽ ധന നീക്കിയിരുപ്പ് സ്റ്റേറ്റ്മെന്റുകൾ e-office മുഖേന മാത്രം അയക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. പേപ്പർ കോപ്പികൾ അയക്കേണ്ടതില്ല.

vii. സ്റ്റേറ്റ്മെന്റുകൾ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തന്നെ പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്. സ്റ്റേറ്റുമെന്റിലെ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിട്ടുണ്ടെന്നു ട്രഷറി ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

viii. ആഗസ്റ്റ് 2022 മുതൽ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ (STATEMENT FOR JULY 2022) ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ പറഞ്ഞിരിക്കും പ്രകാരം സമർപ്പിക്കേണ്ടതാണ്. കൂടാതെ എല്ലാ മാസവും 10 - ാം തീയതിക്ക് മുൻപായി സ്റ്റേറ്റ്മെന്റുകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ix. ജില്ലാ ട്രഷറി ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും ആകസ്മിക പരിശോധയിൽ TR-3 Register പരിശോധിച്ചു ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

V SAJAN
DIRECTOR

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ/

ജില്ലാ ട്രഷറി ഓഫീസർമാർ / സബ് ട്രഷറി ഓഫീസർമാർ

ഉള്ളടക്കം: അധിക കരുതൽ ധന നീക്കിയിരുപ്പ് സ്റ്റേറ്റ്മെന്റ് മാതൃക.

**// Approved for issue //**

**//Senior Superintendent//**

Directorate of Treasuries, "Krishna Buildings", T.C.No.28/629, Thycaud P.O., Thiruvananthapuram, Pin.695014. Ph.No.0471-2322533, Fax No.0471-2324229, Mail id:- keralatreasury@gmail.com. website:treasury.kerala.gov.in

# EXCESS CASH RETENTION STATEMENT FOR THE MONTH OF ............

Name of Treasury:

Imprest limit : __________ for first 10 working days

__________ for remaining days

| Sl No | Date | Closing balance | Imprest limit | Excess cash retained | Reason | If late remittance , Transaction no. & time |
|---|---|---|---|---|---|---|
| | | | | | | |

Signature

Date:-

Sub Treasury Officer

The reasons are genuine, I have verified with IAMS and found correct.

Recommended for ratification

Counter signed

Date:-

District Treasury Officer